പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 314 | 30/11/2015 ൽ മറുപടിക്ക് |
|---|---|

**ബാർകോഴ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ബാർകോഴയുമായി ബന്ധപ്പെട്ട്, എക്സൈസ് മന്ത്രിയ്ക്കെതിരായി തിരുവനന്തപുരത്തുണ്ടായ പരാതിയെക്കുറിച്ച് എറണാകുളം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി യെക്കൊണ്ട് അന്വേഷിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നു; ബാർ കോഴയെക്കുറിച്ച് അന്വേഷിക്കുന്ന വിജിലൻസിന്റെ തിരുവനന്തപുരത്തെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിനെ കൊണ്ട് തന്നെ അന്വേഷിക്കാൻ ചുമതലപ്പെടുത്താതിരുന്നത് എന്തുകൊണ്ടായിരുന്നു; | (എ) | ബാർ കോഴ കേസ്സിന്റെ (വി.സി.06/14/ എസ്.ഐ.യു I) അന്വേഷണ ഉദ്യോഗസ്ഥനായ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -I, പോലീസ് സൂപ്രണ്ടിനോട് 24/04/2015 ലെ കത്ത് പ്രകാരം ശ്രീ.ബിജു.രമേശിന്റെ 164 സ്റ്റേറ്റ്മെന്റുകളുടെ പരാമർശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 28/04/2015 ൽ പോലീസ് സൂപ്രണ്ട് നൽകിയ മറുപടിയിൽ 164 സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള പരാമർശങ്ങൾ പ്രസ്തുത യൂണിറ്റിൽ നടന്നു വരുന്ന അന്വേഷണ വിഷയത്തിന്റെ ഭാഗമല്ലാത്തതിനാൽ പ്രസ്തുത പരാമർശങ്ങളെ സംബന്ധിച്ച് മറ്റൊരു അന്വേഷണം തന്നെ നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാരണത്താലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മദ്ധ്യമേഖല പോലീസ് സൂപ്രണ്ടിനോട് അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു കോംപീറ്റന്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അന്വേഷണം ഏൽപ്പിക്കാൻ നിർദ്ദേശിച്ചത്. ശ്രീ.കെ.എം.മാണിക്കെതിരെയുള്ള സത്യരാന്വേഷണം നടത്തിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ദക്ഷിണമേഖലാ പോലീസ് സൂപ്രണ്ടാണ്. അതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മദ്ധ്യമേഖല പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിയതിൽ അപാകതയില്ല. യൂണിറ്റിന്റെ ജോലി ഭാരവും മറ്റും കണക്കിലെടുത്ത് ഡയറക്ടർ തീരുമാനിക്കുന്നത് ഒരു ഭരണ പരമായ നടപടിയാണ്. |
| (ബി) | ബാർകോഴ കേസ് അന്വേഷണങ്ങളിൽ മുഖ്യമന്ത്രി നിരന്തരം ഇടപെട്ടതായി വിജിലൻസ് അധികൃതർ വെളിപ്പെടുത്തിയിട്ടുണ്ടോ ; അന്വേഷണ സംഘത്തിന് മൊഴിയിലൂടെ ലഭിച്ച വിവരങ്ങൾ യഥാസമയം എക്സൈസ് മന്ത്രി അറിയാനിടയായിട്ടുണ്ടോ; ഇതിന്റെ സാഹചര്യം എന്തായിരുന്നു; | (ബി) | ഇല്ല. |
| (സി) | എക്സൈസ് മന്ത്രിക്കെതിരായ പരാതി നിയമാനുസരണമുള്ള ക്വിക് വെരിഫിക്കേഷൻ നടത്താതെ അവസാനിപ്പിച്ചത് അസ്വാഭാവികമായിട്ടായിരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (സി) | പ്രസ്തുത വിഷയം സംബന്ധിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി 'ലളിതകുമാരി' കേസ്സിൽ നിർദ്ദേശിച്ചിട്ടുള്ള നിയമാനുസൃതമായ പ്രാഥമിക അന്വേഷണമാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയത്. |
| (ഡി) | നിലവിൽ പുറത്തുവന്നിട്ടുള്ള എല്ലാ വെളിപ്പെടുത്തലുകളുടെയും പരാതികളുടെയും വിജിലൻസ് ഡയറക്ടറെ സംബന്ധിച്ച ഹൈക്കോടതി വിധിയുടെയും പശ്ചാത്തലത്തിൽ തിരുവനന്തപുരം യൂണിറ്റിലെ സത്യസന്ധരായ ഉദ്യോഗസ്ഥരാൽ ക്വിക് വെരിഫി ക്കേഷൻ നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം നൽകാമോ ? | (ഡി) | നിലവിൽ പുറത്ത് വന്നിട്ടുള്ള ആരോപണങ്ങൾ എല്ലാം സത്യസന്ധമായ അന്വേഷണത്തിന് വിധേയമാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ